# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4898 — 23.03.2018-ൽ മറുപടിയ്ക്ക്

## ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എൽദോസ്.വി.കുന്നപ്പിള്ളിൽ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയ്ക്ക് പുറത്ത് എല്ലാ ജില്ലകളിലും താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | ആദിവാസി മേഖലയ്ക്ക് പുറത്ത് എല്ലാ ജില്ലകളിലും താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണത്തിനും അവരുടെ ബഹുമുഖമായ വളർച്ചയ്ക്കുമായി പി.കെ.കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കിടയിൽ നടത്തിയ സർവ്വേയുടെ ഫലമായി രൂപീകരിച്ച 5.06 കോടി രൂപയുടെ കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ അംഗീകരിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. കൂടാതെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിച്ചിതറി കിടക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായുള്ള മൈക്രോ പ്ലാനുകൾ ഈ നടപ്പ് സാമ്പത്തിക വർഷം പൂർത്തീകരിക്കും. മറ്റുള്ള ജില്ലകളിലെയും മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് ആവിഷ്കരിച്ച പ്രത്യേക പദ്ധതിയിലൂടെ പ്രസ്തുത കുടുംബങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ ? | | |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി തയ്യാറാക്കിയ മൈക്രോ പ്ലാനുകൾ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ